**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 588** | **28-06-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട ഫുഡ് പ്രോസസിംഗ് യൂണിറ്റുകളെ ശക്തിപ്പെടുത്തലുടെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ പ്രാദേശിക ഭക്ഷ്യോല്പന്നങ്ങളെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ആക്കുന്നതിന് ചെറുകിട ഫുഡ് പ്രോസസിംഗ് യൂണിറ്റുകളെ ശക്തിപ്പെടുത്താൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ; | (എ) | സൂക്ഷ്മ വിഭാഗത്തിൽപെടുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ്ങ് എന്റർപ്രൈസ് (PMFME) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി വൺ ഡിസട്രിക്റ്റ് വൺ പ്രോഡക്റ്റ് മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. യോഗ്യതയുള്ള പ്രോജക്ടിന്റെ സ്ഥിര മൂലധനത്തിന്മേൽ 35% പരമാവധി പരിധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് സഹായം ലഭിക്കുന്നത്.<br><br>ഇത് കൂടാതെ വ്യവസായ വകുപ്പ് നടപ്പാക്കി വരുന്ന സംരംഭക സഹായപദ്ധതി ഉൾപ്പെടെയുള്ള പദ്ധതികളിൽ ഭക്ഷ്യ സംസ്കരണം മുൻഗണനാ വിഭാഗം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യസംസ്കരണ ഉല്പ്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കാനായി സംസ്ഥാന തലത്തിൽ അഗ്രോ ഫുഡ്പ്രോ എക്സിബിഷൻ നടത്തി വരുന്നു. ഭക്ഷ്യസംസ്കരണ മേഖലയുടെ വികസനം ലക്ഷ്യമാക്കി കിൻഫ്ര മലപ്പുറത്തെ കാക്കഞ്ചേരിയിലും പത്തനംതിട്ടയിലെ അടൂരിലും അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഭക്ഷ്യ സംസ്കരണ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ മെഗാഫുഡ് പാർക്ക്<br><br>പദ്ധതിയിലുൾപ്പെടുത്തി അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഒരു മെഗാഫുഡ് പാർക്കും പാലക്കാട് സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വ്യവസായ പാർക്കുകളിൽ ഭക്ഷ്യ സംസ്കരണ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് അടിസ്ഥാന പശ്ചാത്തല സൗകര്യം ഒരുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഭക്ഷ്യ സംസ്കരണവും നിർമ്മാണവും മുൻനിർത്തി ചെറുകിട ഫുഡ് പാർക്കുകൾ എല്ലാ മണ്ഡലങ്ങളിലും സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതയും ഫുഡ് പാർക്കുകളുടെ വിജയ സാധ്യതാ പഠനവും പരിശോധിച്ച് തീരുമാനമെടുക്കേണ്ട വിഷയമാണ്. പ്രൈവറ്റ് പാർക്ക് പദ്ധതി പ്രകാരം പാർക്കുകൾ ആരംഭിക്കുന്നതിന് മുന്നോട്ട് വരുന്ന സ്വകാര്യ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ